**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1152** **07-12-2022 - ൽ മറുപടിയ്ക്ക്**

**വലിയ പറമ്പ് ദ്വീപ് പഞ്ചായത്തിലെ കടലാക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പ് കണ്ടെത്തിയ 10 ഹോട്ട് സ്പോട്ടുകളിൽ ഒന്നായ വലിയ പറമ്പ് ദ്വീപ് പഞ്ചായത്തിൽ വർഷങ്ങളായി അനുഭവിച്ച് വരുന്ന രൂക്ഷമായ കടലാക്രമണം തടയാൻ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എന്തൊക്കെ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | ജലവിഭവവകുപ്പ് കണ്ടെത്തിയ 10 ഹോട്ട് സ്പോട്ടുകളിൽ ഒന്നാണ് കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ് ദ്വീപ് പഞ്ചായത്ത്. നിലവിലുള്ള തീരദേശ ഘടനകളുടെ വിവരങ്ങൾ ശേഖരിക്കുന്ന തിനും പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി NCCR (National Centre for Coastal Research, Chennai) 2022 ആഗസ്റ്റ് മാസത്തിൽ പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുണ്ട്. കൂടാതെ വലിയ പറമ്പ് ദ്വീപിലെ കടലാക്രമണപ്രതിരോധ പ്രവർത്തനങ്ങൾക്കായി 19.05 കി.മീ. നീളത്തിൽ ജിയോട്യൂബ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിന് 167.70 കോടി രൂപയുടെ Preliminary Project Report തയ്യാറാക്കിയെങ്കിലും National Centre for Coastal Research ന്റെ പഠന റിപ്പോർട്ടും design ഉം കൂടി ലഭിച്ചതിനുശേഷം പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ